# കെ.വി.കെ.എം.എം. യു.പി.സ്കൂൾ

കുന്നമ്മൽ ഉപജില്ല

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

**ആമുഖം :**

കുന്നമ്മൽ ഉപജില്ലയിൽ 1925-ൽ സ്ഥാപിതമായ കെ.വി. കെ.എം.എം. യു.പി.യു.പി. സ്കൂൾ, അതിന്റെ വിശിഷ്ടമായ ശതാബ്ദി നിറവിൽ മികവിന്റെ ചരിത്രപാഠങ്ങൾ തീർത്ത് പൊതുവിദ്യാലയങ്ങൾക്കെല്ലാം മാതൃക തീർത്ത് മുന്നേറുകയാണ്. വിദ്യാലയത്തിന്റെ ഈ ശതാബ്ദി ആഘോഷ വർഷം വിദ്യാഭ്യാസ മികവിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും പുതുവഴികൾ തുറക്കുന്നതിനുള്ള അവസരമായി പരിഗണിക്കുകയാണ്.

ഒന്നു മുതൽ ഏഴാം തരം വരെ, ഇംഗ്ലീഷ് & മലയാളം മീഡിയം വിഭാഗങ്ങളിലായി 1845 വിദ്യാർത്ഥികൾക്ക് നിലവിൽ വിദ്യാഭ്യാസം നൽകുന്ന ഈ സ്ഥാപനം, വിദ്യാഭ്യാസ മേഖലയിൽ അസാധാരണമായ ഉയർച്ചയുടെ സാക്ഷ്യം വഹിക്കുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉപജില്ലാതലത്തിലും വിവിധ വിഭാഗങ്ങളിലായി നേടിയ മുന്നേറ്റങ്ങൾ, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും
രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും മാനേജ്മെന്റിന്റെയും ആത്മാർത്ഥമായ പരിശ്രമത്തിന്റെയും സാക്ഷ്യപത്രമാണ്.

2024-25 അധ്യയനവർഷത്തിൽ 75 പേർ USS, 29 പേർ LSS പരീക്ഷയിൽ വിജയിച്ചതിലൂടെ, നമ്മുടെ അക്കാദമിക് മികവിന്റെ കൃത്യതയും ഫലപ്രാപ്തിയും വ്യക്തമാകുന്നു. ഈ വിജയം, വിദ്യാലയത്തെ ജില്ലാ തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി അക്കാദമിക് മികവിന്റെ മുൻനിരയിൽ നിലനിർത്തുന്നു.

2025-26 അധ്യയനവർഷം, ശതാബ്ദിയാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ, വിദ്യാർത്ഥികളുടെ സർവ്വതോമ വികസനത്തിന് പ്രാധാന്യം നൽകി, വരും നൂറ്റാണ്ടിന്റെ വിദ്യാഭാസ ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിൽ രൂപകല്പന ചെയ്തു കൊണ്ടുള്ള പ്രവർത്തന പദ്ധതികൾ ഉൾപ്പെടുത്തിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥികളിൽ അറിവ്, മൂല്യങ്ങൾ, ശാസ്ത്രീയ മനോഭാവം, സൃഷ്ടിപരമായ ചിന്ത എന്നിവ വളർത്തുന്നതിനൊപ്പം, പാഠ്യപദ്ധതിയും പാഠ്യേതര പദ്ധതികളും പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്ന രീതി ലാണ് പ്രവർത്തനങ്ങൾക്ക് ആസൂത്രണം തയാറാക്കിയിരിക്കുന്നത്

വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനൊപ്പം, നൂതനാശയങ്ങൾ ഉൾക്കൊള്ളുന്ന വേറിട്ട കാൽവെപ്പുകൾക്കുമുള്ള തയ്യാറെടുപ്പുകൾക്ക് കൂടി ഈ അധ്യയന വർഷം വിദ്യാലയം പദ്ധതിയിട്ടിട്ടുണ്ട്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും
മാനേജ്മെന്റിന്റെയും സമൂഹത്തിന്റെയും സഹകരണം ഉറപ്പാക്കുന്ന വളർച്ചയുടെ കാൽവഴിയായിരിക്കും ഈ പുതിയ അധ്യയന വർഷം എന്ന ശുഭപ്രതീക്ഷയോട 2025-26 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ സവിനയം സമർപ്പിക്കുകയാണ്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ക്ലാസ് : I

**ആമുഖം :**

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി,രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം, Cursive Writing, English Time, Readers Theatre,ഉല്ലാസഗണിതം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. കഴിഞ്ഞ വർഷത്തെ ഒന്നാം ക്ലാസിലെ ഡയറികൾ എഡിറ്റ് ചെയ്ത് 'കുരുന്നെഴുത്ത്' എന്ന പേരിൽ സ്കൂൾ തലത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായനില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിഞ്ഞതിന്റെയും ഒന്ന് മുതൽ നൂറ് വരെയുള്ള എണ്ണൽ സംഖ്യകൾ തിരിച്ചറിയാനും അവയെ വിവിധ രീതിയിൽ വ്യഖ്യാനിക്കാനെ ഇംഗ്ലീഷ് എന്ന ഭാഷയെ അനായാസം കൈകാര്യം ചെയ്യാനും സംസാരശൈലിയിൽ മെച്ചപ്പെടുത്താനും കഴിഞ്ഞതിന്റെ വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. ഭാഷാശേഷിയിലുണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്.ഇതിനു വേണ്ടിയാണ് നാം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രതീക്ഷിച്ചതു പോലെ ദിവസങ്ങൾ ലഭിച്ചില്ലെങ്കിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി കുട്ടികളുടെ നിലവാരവും പിന്തുണ നൽകേണ്ടതും പരിഗണിച്ച് ഭേദഗതികൾ ചെയ്യാവുന്നതാണ്. വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായിട്ടുള്ള രീതിയിലാണ് നടപ്പിലാക്കുന്നത്.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| * സാമൂഹിക പങ്കാളിത്തം / ഭാഷ / സർഗാത്മകം / വൈജ്ഞാനിക വികാസം / സാമൂഹിക വികാസം / പേശീവികാസം | സ് പിടിഎ<br><br>സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ- മാർച്ച്<br>ജൂൺ 15 വരെ | ക്ലാസ് ടീച്ചർ | |
| *മുതിർന്നവരിൽ നിന്നും കേട്ടറിഞ്ഞ കഥകൾ സ്വതന്ത്രഭാഷണം നടത്തുന്നു. പരിചയപ്പെടുത്തുന്നു | വായനോത്സവം ഉദ്ഘാടനം ( അമ്മ വായന) ( കഥാവേള) | ജൂൺ 19 മുതൽ ജൂലായ് വരെ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| * അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് വായിക്കുന്നു | വായനാക്കാർഡ്, വായന, പാഠപുസ്തക വിനിമയം | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| * പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും സദസ്സിന് മുമ്പാകെ താളമിട്ട് അവതരിപ്പിക്കുന്നു. | പാട്ടരങ്ങ് | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| *കുട്ടികളെ സ്വതന്ത്ര രചയിതാവാക്കുന്നതിന് സ്വന്തം അനുഭവങ്ങൾ സർഗ്ഗാത്മകമായി ആവിഷ്കരിക്കുന്നു. | സംയുക്ത ഡയറി | ജൂൺ 15 മുതൽ മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| * ഭാവാത്മകമായ ചിത്രങ്ങൾ നൽകി കഥയെഴുത്തിലേക്ക് നയിക്കുന്നു. | രചനോത്സവം | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| * കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും - സൂക്ഷ്മ സ്ഥൂല പേശീ വികാസം | വിവിധ വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം. | ജൂൺ- ഫെബ്രുവര ി | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| * കേട്ടതോ വായിച്ചതോ പാഠഭാഗവുമായി ബന്ധപ്പെട്ടതോ ആയ കഥകൾ ചിത്രകഥകളാക്കി മാറ്റുന്നതിന്. | ചിത്രകഥാ നിർമ്മാണം | മാർച്ച് | SRG | |
| * സദസ്സിന് മുന്നിൽ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുക.അംഗീകാരം നേടുക. | പഠനോത്സവം<br>സംയുക്തഡയറി പ്രകാശനം | മാർച്ച് | അധ്യാപകർ<br>SRG | |
| **ദിനാചരണങ്ങൾ** | | | | |
| ജൂൺ 5<br>ഗ്രാന്റ് പാരന്റ്സ് ഡേ<br>ഫ്രണ്ട്സ് ഡേ<br>ജൂൺ 19 | പരിസ്ഥിതി ദിനം<br><br>വായനാദിനം | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |

| ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതലകൾ** | **സാമ്പത്തികം** |
| സംഖ്യാബോധം | ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിന്; എഴുതുന്നു,വായിക്കുന്നു.<br>ഒന്ന് മുതൽ ഇരുപത് വരെ | ജൂൺ-ജൂലായ്<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| ഗണിത കിറ്റ് | 1 മുതൽ 20 വരെയുള്ള സംഖ്യാകാർഡുകളുടെ നിർമ്മാണം, മഞ്ചാടി സഞ്ചി, സംഖ്യാചിത്രങ്ങളടങ്ങിയ കുഞ്ഞു പുസ്തകം. | | | |
| സങ്കലനം | 1 മുതൽ 20 വരെയുള്ള സംഖ്യകളുടെ സങ്കലനം തിരിച്ചറിയുന്നു. ( മഞ്ചാടി സഞ്ചി ഉപയോഗിക്കുന്നു.) | നവംബർ - ഡിസംബ ർ | | |
| ചിഹ്നങ്ങൾ | സങ്കലന ചിഹ്നങ്ങളും വ്യവകലന ചിഹ്നങ്ങളും തിരിച്ചറിയുന്നു, എഴുതുന്നു. | നവംബർ-ജനുവരി | | |
| സംഖ്യാധാരണ | 20 മുതൽ50 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.<br>50 മുതൽ100 വരെയുള്ള<br>5 ന്റെയും 10 ന്റെയും കൂട്ടങ്ങൾ | ഫെബ്രുവര ി<br>ഫെബ്രുവര ി | | |
| ഗണിതോൽസവം | ക്ലാസ് റൂം അവതരണത്തിലോ പഠനോത്സവത്തിലോ ഉൾപ്പെടുത്തി നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടിയെ പ്രാപ്തരാക്കുന്നു. | | | |
| | | | | |

| ENGLISH<br><br>AIM | OBJECTIVES | PERIOD | DUTIES | FINANCE |
|---|---|---|---|---|
| English in Games | Language Games | June to March | Class Teacher | |
| Familiarize with phatic<br><br>communication such as ‘Hai’,’Hello’, ‘I’am’, ‘Sorry’ | Freeze and Move | June | Class<br><br>Teacher | |
| Listen to teacher talks | Name tree, Attendance activity games | June to March | Class Teacher | |
| Read conversations, songs and simple descriptions graphic ally | * language games<br>* Picture interactions<br>* Simple reading cards<br>* Sentence strips<br>* Letter hunt<br>* Collective picture wall | June to March<br><br>July | Class Teacher | |
| English Time | To give simple story audio clips | June to March | Class Teacher Parents. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# ക്ലാസ് : II

## ആമുഖം:

2025-26 അധ്യയന വർഷം രണ്ടാം ക്ലാസിൽ 186 കുട്ടികളാണ് പഠിക്കുന്നത്. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ് . പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

* ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാല സാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

* രക്ഷിതാക്കളുടെ സഹായത്തോട് കൂടി കുട്ടികൾ സംയുക്ത ഡയറി എഴുതത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മ രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു.

* കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കൊണ്ട് അറിവ് നിർമ്മാണ പ്രക്രിയയിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.

* സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം, ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതി വിശദീകരിക്കുന്നു.

*പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.

* ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷ്യൻ, ഡയറി പ്രവർത്തനങ്ങൾ ഒരുക്കി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# ഗണിതം

## ആമുഖം :

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്ന് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതി നിലവിൽ വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾ കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ സഹായിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.ഗണിത പ്രവർത്തനത്തിലും തൽപരരായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തനലക്ഷ്യങ്ങൾ

1) രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ, സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ.

2) സംഖ്യാബോധവും,ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്.

3) ഗണിത ക്വിസ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.

4) ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു,എഴുതുന്നു ( 100 ൽ താഴെ)

5) ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകുമെന്ന മേഖലയിൽ എത്തിച്ചേരൽ.

6) പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുന്നവർ.

**മലയാളം**

ലക്ഷ്യം

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടേയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

*ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം,ലഘുവിവരണം,കഥ എന്നിവ തയ്യാറാക്കുന്നു.

* ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെ കണ്ടെത്തുന്നു.

* കുട്ടികളുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

# മലയാളം

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | ചിത്രകാർഡ് നൽകൽ ( ചിത്രവും പദവും ഉൾകൊണ്ട്)<br>* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>വായനാസാമഗ്രികൾ നിർമ്മിക്കൽ.<br>വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ. | ജൂൺ | അധ്യാപിക | |
| വായന | *ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>*ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>*സ്കൂൾ ലൈബ്രറി,ക്ലാസ് ലൈബ്രറി എന്നിവ സജ്ജമാക്കുന്നു | ജൂലൈ | അധ്യാപിക<br>രക്ഷിതാക്കൾ | |
| വായന | *ക്ലാസ് ലൈബ്രറി പ്രവത്തനക്ഷമമാക്കൽ.<br>* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.<br>* വീട്ടുലൈബ്രറി ഒരുക്കൽ.<br>*ചിത്രവിവരണം<br>* വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്റ്റ് | അധ്യാപിക<br>രക്ഷിതാക്കൾ | |
| എഴുത്ത് | * വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.<br>* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.<br>* ചോദ്യങ്ങൾ നിർമ്മിക്കൽ.<br>*വായിച്ച കഥാരംഗങ്ങൾ രംഗാവിഷ്കാരം ചെയ്യൽ | സെപ്റ്റംബ ർ | അധ്യാപിക<br>കുട്ടികൾ | |
| വ്യാഖ്യാനം | *കേട്ടതോ വായിച്ചതോ ആയ കഥകൾ,സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ.<br>* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ.അതിനു വേണ്ടുന്ന മുൻഗണന നൽകൽ. | ഒക്ടോബർ | അധ്യാപിക<br>കുട്ടികൾ | |

| | | | | |
|---|---|---|---|---|
| ശ്രവണം | കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മകത പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു. | നവംബർ | അധ്യാപിക | |
| എഴുത്ത് | * ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു. | ഡിസംബർ | അധ്യാപിക | |
| എഴുത്ത് | * വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ( കവിതാപൂരണം)<br>*ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ. | ജനുവരി | അധ്യാപിക രക്ഷിതാക്കൾ | |
| ഭാഷണം, ലേഖനം എഴുത്ത് | * എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ.<br>*കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ. | ഫെബ്രുവരി | അധ്യാപിക | |
| വായന ഭാഷണം | * വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>* ഇൻനലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ.<br>* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.<br>* വീട്ടുവായന,കൂട്ടുവായന,നാട്ടുവായന അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.<br>* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ. | മാർച്ച് | | |

# ഗണിതം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം | * 1,2,3,4……….<br>* 1.3.5.7……..<br>* 10,20,30,40,……….<br>* 2,4,5,8,………….<br>* 5,10.15.20……..തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തുന്നതിന്.<br>* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും ലഭ്യമാകുന്നു എന്ന തിരിച്ചറിവ്. | ജൂൺ | അധ്യാപിക | |
| ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണം എഴുതുന്നു. ഗണിതകിറ്റ് ഉപയോഗിച്ച് ആശയം ഉറപ്പിക്കൽ, | * ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>*ഗണിത കിറ്റ് എല്ലാവരിലും ഉറപ്പാക്കൽ. | ജൂലൈ | അധ്യാപിക | |
| ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാനാവും. | * വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.<br>* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.<br>99 നോട് 1 കൂട്ടിയാൽ 100.<br>10 പത്തുകൾ ചേർന്നാൽ 100 ആകും.<br>100 ഒന്നുകൾ ചേർന്നതാണ് 100.<br>* ഓരോ സംഖ്യകളേയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ. | ആഗസ്റ്റ് | അധ്യാപിക | |
| ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പു വരുത്തൽ. | *ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.<br>* വിലവിവരപട്ടിക തയ്യാറാക്കൽ.<br>* ക്ലാസിലൊരു കട, സ്കൂളിലൊരു കട,ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു. | സെപ്റ്റംബ ർ | അധ്യാപിക | |
| | * രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>*സങ്കലന,വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | | | |

| | | | | |
|---|---|---|---|---|
| | *സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ. പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ. (പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ.)<br>5,10.15.20,25…. | | | |
| | * സ്ഥാനവില തിരിച്ചറിയൽ.<br>( ഒന്ന്, പത്ത്)<br>*പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ, പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.<br>* ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യൽ.<br>നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ,കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.<br>നോട്ട് നാണയം | നവംബർ | അധ്യാപിക രക്ഷിതാക്കൾ | |
| സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്. | സംഖ്യാബോധം തിരിച്ചറിവിൽ – സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ.<br>സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായ് ( സ്ഥാന വിലാ പോക്കറ്റ് , അബാക്കസ്) | ഡിസംബർ | അധ്യാപിക | |
| | രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | | | |
| | വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച്പട്ടികപ്പെടുത്തൽ,<br>പട്ടികയിലൈ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ<br>സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | ജനുവരി | അധ്യാപിക | |
| | *ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.<br>*ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.ഗണിതപഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ. | ഫെബ്രുവരി | അധ്യാപിക | |
| | * കലണ്ടർ പതിപ്പ് തയ്യാറാക്കൽ.<br>* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത | | | |

| | | | | |
|---|---|---|---|---|
| | അക്കങ്ങളും തിരിച്ചറിയൽ.<br>* മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.<br>* കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.<br>*കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.<br>*ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. | | | |
| | | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസരപഠനത്തിലൂടെ ഭാഷപഠന സാധ്യതകൾ ഒരുക്കുന്നു. | നാട്ടുവിശേഷം കൂട്ടെഴുത്ത്<br>* പ്രകൃതി നടത്തം<br>* ഫീൽഡ് ട്രിപ്പ്<br>* പാഠഭാഗത്തിനനുയോജ്യമായ പ്രകൃതി പഠനസാധ്യതകൾ കണ്ടെത്തി ആസൂത്രണം . | ജൂൺ<br>ജൂലൈ - മാർച്ച് | അധ്യാപിക<br>CPTA<br>SRG | 1000/- |
| ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നു | പരീക്ഷണങ്ങൾ<br>* പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യാനും പുതിയത് രൂപകൽപ്പന ചെയ്യാനും. | ജൂലൈ - ഫെബ്രുവരി | അധ്യാപിക<br>CPTA | SSK<br>PTA<br>5000/- |
| കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക. | ലഘു പ്രോജക്ട്<br>*കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം,വർഗീകരണം,അപഗ്രഥനം, നിഗമനം എന്നീ ഘട്ടത്തിലൂടെ കടന്നുപോകുന്നു | ജൂൺ – മാർച്ച് | അധ്യാപിക<br>PTA<br>SRG | 1000/- |
| * എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുന്നതിന്.<br>*വ്യത്യസ്ത ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കാൻ<br>*ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്താൻ | പരീക്ഷണകിറ്റ്<br>*എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.<br>* പാഠഭാഗത്തെ വ്യത്യസ്ത പരീക്ഷണങ്ങൾ സ്വയം ചെയ്യാനും നിഗമനങ്ങൾ കണ്ടെത്താനും കഴിയുന്നു.<br>*പുതിയ ആശയങ്ങളെ വിനിമയം ചെയ്യുന്നു. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ<br>PTA<br>SRG | |

# ENGLISH

| AIM | ACTIVITY | DURATION | DUTIES | FINANCE |
|---|---|---|---|---|
| To speak,Read and write | English without any mistakes | June, July,August | Teachers | |
| To develop listening skills and reading skills first | Listening Skills –<br>Games, Action songs, Hello English activities ,Conversation, Skit, Stories etc. Using of ICT .<br><br>Speaking Skills -<br>Descriptions, drawing sentences, picture reading ,picture description, Self introduction, Assembly activities, Speech, book review,Quiz, riddles,School Radio | July<br>August<br>-March | Teachers<br>Parents | |
| | Reading Skills-<br>News paper reading, Library book reading, book review, reading breaking news, find words collect read paste tens rhyming words | July August-March | Teachers<br>Parents | |
| | * Describing words activity<br>Textbook activities and workbook activities<br>Writing Skills<br>Make word web, Picture description,<br>- Word and Sentence Chain<br>- Make words and Sentences<br>- Make Riddles<br>- Conversation<br>- Add more lines<br>- Develop Story<br>- Description<br>- Notice Proclamation<br>- Diary, Letter<br>- Announcement<br>- Magazine | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | * പഠനനില കണ്ടെത്തുവാൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>* സന്നദ്ധത പ്രവർത്തനങ്ങൾ.<br>* ക്ലാസ്റൂം ലൈബ്രറി ശാക്തീകരണം.<br>* വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് എഴുതൽ<br>* ICT യിലൂടെ വായനാസാമഗ്രിയുടെ പ്രദർശനവും അതിലൂടെ കുട്ടികളുടെ വായനാശേഷി വികസിപ്പിക്കുന്നു. | ജൂൺ | | |
| അധ്യാപക രക്ഷാകർതൃബന്ധം സ്ഥാപിക്കൽ | ക്ലാസ് പി ടി എ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| അറിഞ്ഞെഴുതാം.... | * ദിനപത്രം പരിശോധിച്ച് നിശ്ചിത അക്ഷരത്തിൽ തുടങ്ങുന്ന വാക്കുകൾ എഴുതുക.<br>* ലേഖന പരിപോഷണത്തിനായി നോട്ട്ബുക്ക് വാങ്ങുകയും മലയാളം ഡയറി, ഇംഗ്ലീഷ് ഡയറി, പത്രവാർത്ത, ക്ലാസ് വാർത്ത എന്നിവ എഴുതുന്നു.<br>* Smart TV യിലൂടെ ഇംഗ്ലീഷ് ഓഡിയോ , വീഡിയോ എന്നിവ ലഭ്യമാക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| English Time<br>ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനും ആത്മവിശ്വാസത്തോടെ സംസാരിക്കാനുമുള്ള അവസരം ഒരുക്കൽ. | * Native സ്പീക്കേഴ്സിന്റെ ഓഡിയോ കേട്ട് മനസ്സിലാക്കിയ കാര്യങ്ങൾ പങ്ക് വെക്കുന്നു.<br>* ശേഷം ആ ഓഡിയോയുടെ ടെക്സ്റ്റ് കൊടുത്ത് അതേ സ്ലാങിൽ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>* About me,About my friend എന്നീ പ്രവർത്തനം എല്ലാ കുട്ടികളെ കൊണ്ടും ചെയ്യിക്കുന്നു.<br>* English Assembly<br>* ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് ബുക്കുകൾ ലഭ്യമാക്കുന്നു.<br>* ഇംഗ്ലീഷ് ഡയറി | മാസത്തിൽ ഒന്ന്<br>ജൂൺ<br>മാർച്ച് | | |
| | | | | |

| | | | | |
|---|---|---|---|---|
| English തിയേറ്റർ<br>( സർഗാത്മകതാ പരിപോഷണം) | * ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ ( Skit, Drama, Conversation, Poem, Story telling etc) | മാസത്തിൽ ഒരിക്കൽ | | |
| മാഗസിൻ<br>സർഗാത്മകതാ രചനാശേഷി വികസനം | * നാല് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാസിക തയ്യാറാക്കുക.<br>* എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. | നാല് മാസത്തിൽ ഒരിക്കൽ | | |
| അറിയാം... ആഴത്തിൽ - ദിനാചരണം | * ദിനാചരണങ്ങൾ ക്ലാസിൽ വിപുലമായി തന്നെ ആചരിക്കുന്നു.<br>* എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു. | പ്രത്യേക ദിവസങ്ങളിൽ<br>ജൂൺ-മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | |
| കലാവിരുന്ന് | *കഥ പറയൽ, കവിതാലാപനം, അഭിനയം, നൃത്ത-നൃത്ത്യങ്ങൾ, ചിത്രരചന ... എന്നിവയൊക്കെ അവതരിപ്പിക്കുന്നു.<br>*എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |
| രുചിമേളം<br>ക്ലാസിലൊരു വിരുന്ന് | * EVS ലെ ആഹാരവും ആരോഗ്യവും എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട ഭക്ഷ്യമേള നടത്തുന്നു.<br>*എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. | | SRG<br>ക്ലാസ് ടീച്ചർ | |
| Tiny Titans…<br>Sports fest | എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് കൊണ്ട് Sports day സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | | |
| മൂവർണ്ണച്ചെപ്പ്<br>( ഏകദിന ക്യാമ്പ്) | * എല്ലാ കുട്ടികളെയും പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ട് ക്യാമ്പ് സംഘടിപ്പിക്കുന്നു.<br>* ഗണിതം മധുരം<br>* English Theatre.<br>* Field trip<br>എന്നീ സെഷനുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | CRG | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# ക്ലാസ് : IV
## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽ ക്കുന്നവർക്ക് പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനക്കുറിപ്പ്, രചനപരിചയക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന, പത്രവായന | ഒരു വർഷം | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ ഡയറി എഴുത്ത് | പ്രതിമാസം (ഒരു വർഷം) | SRG<br>ക്ലാസ് ടീച്ചർ | PTA |
| ലേഖനശേഷി വർധിപ്പിക്കൽ ,സാഹിത്യകാരന്മാരെ അടുത്തറിയാൻ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| അറിവ് ഡോക്യുമെന്ററിയിലൂടെ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | ജന്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | ICT ഉപയോഗിച്ച് കലാരൂപങ്ങൾ പരിചയപ്പെടൽ.കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ,ചമയങ്ങൾ പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>PTA | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | മാസത്തിലൊരിക്കൽ യ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |

# ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | പ്രതിമാസം ( അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി<br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ | ഓരോ മാസം ഇടവിട്ട് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ<br>സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കൽ<br>( Skit, Drama, Conversation, Story telling etc) | വർഷത്തിൽ മൂന്നു തവണ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് മാഗസിൻ<br>സർഗാത്മകതാ രചനശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാഗസിൻ തയ്യാറാക്കൽ | മൂന്നു മാസിൽ ഒരിക്കൽ | HM<br>ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ്  കൈയ്യെഴുത്ത്<br>ഇംഗ്ലീഷ് ഭാഷയിലുള്ള രചന മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ<br>വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയി ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ( ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാമത്സരം ,രചനാമത്സരം മറ്റ് സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ക്ലാസ് ടീച്ചർ<br>SRG<br>HM | PTA |

# ഗണിതം

## കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കാൻ ( ചതുഷ് ക്രിയകൾ ലളിതമാക്കൽ ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ- മൂല്യനിർണയം | വർഷം മുഴവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ<br>കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ വീഡിയോ ICT ഉപയോഗിച്ച് കാണിക്കുന്നു. | പ്രതിമാസം ( ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | |
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ICT ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തുന്നു.<br>ഗണിതച്ചുമർ ഒരുക്കൽ – ഉപയോഗപ്പെടുത്തൽ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | ICT ഉപയോഗിച്ച് ഗണിത പഠനോപകരണ നിർമ്മാണം പരിചയപ്പെടുത്തൽ.<br>ഗണിത പഠനോപകരണ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | നാലാം ക്ലാസ് അധ്യാപകർ | PTA |
| **ഗണിത മേള** | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>ഗണിത പഠനോൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം<br>അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല**<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര**<br>ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം,സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം**<br>കേരളം - ഇന്ത്യ ഭൂപടവായന സൂചിക – പരിചയപ്പെടുത്തൽ | ഭൂപടവായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ-**<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ ICT യിലൂടെ പ്രദർശിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം**<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.<br>**ദ്വിദിനസഹവാസ ക്യാമ്പ്** | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# മേഖല : സംസ്കൃതം

## 1) സംസ്കൃതം വായന :

ലക്ഷ്യം : യു പി തലത്തിലെ മുഴുവൻ സംസ്കൃതം വിദ്യാർത്ഥികൾക്കും സംസ്കൃതം വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ :

**I) സംസ്കൃതം ഗ്രന്ഥശാല ഒരുക്കൽ**

കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കി കൊണ്ട് സംസ്കൃത പുസ്തകങ്ങൾ സമാഹരിച്ച് കൊണ്ട് സംസ്കൃതം ഗ്രന്ഥശാല ഒരുക്കുന്നു.

* വലിയ അക്ഷരങ്ങളോട് കൂടിയ വർണ്ണചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ

* ചിത്രകഥകൾ

*ബാലമാസികകൾ

* സംസ്കൃതം സാഹിത്യ പുസ്തകങ്ങൾ

എന്നിവ ഗ്രന്ഥശാലയിൽ ലഭ്യമാക്കും.

**II) വായനാകാർഡുകൾ തയ്യാറാക്കൽ.**

സംസ്കൃതം അക്ഷരങ്ങൾ തിരിച്ചറിയാനായി വായനാകാർഡുകൾ തയ്യാറാക്കും.

* പഴങ്ങൾ, പച്ചക്കറികൾ, പക്ഷി മൃഗാദികൾ, വൃക്ഷങ്ങൾ, ക്രിയാപദങ്ങൾ എന്നിവയുടെ പേരും ചിത്രങ്ങളും ഉൾ പ്പെടുത്തുന്നു.

* രാഷ്ട്രീയ നേതാക്കൾ, ചലചിത്രപ്രവർത്തകർ, സാമൂഹിക -സാംസ്കാരിക, കായിക പ്രവർത്തകർ വിദ്യാലയത്തിലെ അധ്യാപകർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനയ്ക്കായി ഒരുക്കുന്നു.

* ദേശീയഗാനം, പ്രതിജ്ഞ, മാസങ്ങൾ, അക്കങ്ങൾ എന്നിവ സ്ഥിരമായി വായിക്കുന്നതിനു പ്രത്യേകം തയ്യാറാക്കുന്നു.

* ബാലഗീതങ്ങളുടെ അവതരണത്തോട് കൂടി ക്ലാസ് ആരംഭിക്കുന്നു.

**III)സംസ്കൃതം എഴുത്ത്**

ബാലഗീതങ്ങൾ, ക്രിയാപദങ്ങൾ, ജനറൽ ചോദ്യോത്തരങ്ങൾ എന്നിവ നോട്ടിന്റെ പുറക് വശത്ത് വൃത്തിയായി എഴുതുന്നു.

**IV) സംസ്കൃതം ആസ്വാദനം**

വിദ്യാർത്ഥികൾക്ക് അവതരണരംഗത്തിന് ശോഭിക്കുന്നതിനായി ക്ലാസിലെ മുഴുവൻ കുട്ടികൾക്കും അവസരം നൽകുകയും സന്നിഹിതരായ അധ്യാപകർക്കു മുന്നിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവസരം നൽകുകയും ചെയ്യുന്നു.

**V) സംസ്കൃതം അസംബ്ലി**

സംസ്കൃത ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തുന്ന അസംബ്ലിയിൽ മുഴുവൻ കുട്ടികളേയും പങ്കെടുപ്പിക്കുന്നു. പ്രാർത്ഥന, പ്രതിജ്ഞ,വാർത്താപാരായണം,സംഗീതം എന്നിവ സംസ്കൃത മാധ്യമത്തിലായിരിക്കും.

**VI) സംസ്കൃത മത്സരങ്ങൾ**

സംസ്കൃതത്തിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്ക് അവസരം നൽകാനായി മത്സരങ്ങൾ നടത്തുന്നു. സ്കൂൾതല കലോത്സവത്തിൽ സംസ്കൃത മത്സരങ്ങൾ ഉൾപ്പെടുത്തുന്നു.

**VI) ദിനാചരങ്ങൾ**

വിദ്യാലയത്തിൽ നടത്തുന്ന ദിനാചരണങ്ങളിൽ സംസ്കൃതം കുട്ടികൾക്കായി പോസ്റ്റർ, മുദ്രാവാക്യങ്ങൾ എന്നിവുടെ മുദ്രാവാക്യങ്ങൾ എന്നിവയുടെ രചനകളും ഉൾപ്പെടുത്തുന്നു.

**VII) സംസ്കൃതം ക്ലബ്**

വിദ്യാലയത്തിലെ സംസ്കൃതം ഭാഷ പ്രവർത്തനങ്ങൾക്കായി വിദ്യാർത്ഥികളുടെ കൂട്ടായ്മക്കായി ക്ലബ് രൂപീകരിക്കും.പ്രസിഡന്റ്, സെക്രട്ടറി, മൂന്ന് കമ്മറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമതലക്കാർ ഉണ്ടാകും.

# മേഖല : അക്കാദമികം

# ക്ലാസ് : V

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സംസ്കൃതം അക്ഷരങ്ങൾ പരിചയപ്പെടുത്തൽ. | *അക്ഷരക്കാർഡുകളിലൂടെ അക്ഷരപരിചയം<br>* വായനാക്കാർഡുകളിലൂടെ വാക്കുകൾ പഠിക്കുക. | ജൂൺ- ജൂലൈ | ക്ലാസ് തലം | അധ്യാപിക രക്ഷിതാവ് |
| സംഖ്യാപരിചയം | ICT സാധ്യതയിലൂടെ സംഖ്യ- അക്ഷര പരിചയം | | | |
| സംസ്കൃതംവായിക്കാനും എഴുതാനുമുള്ള അടിസ്ഥാനശേഷി ഉറപ്പിക്കൽ | ഓരോ ആഴ്ചയും മൂന്ന് ക്രിയാപദങ്ങൾ ബോർഡിൽ പരിചയപ്പെടുന്നു.<br>വർക്ക്ഷീറ്റ്, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവയിലൂടെ ഭാഷയെ കൂടുതൽ പരിചയപ്പെടുത്തുന്നു. | ആഗസ്റ്റ് - ഡിസംബർ | ക്ലാസ് തലം<br>സ്കൂൾ തലം | അധ്യാപിക |
| സംസ്കൃത സംഭാഷണം നടത്താനുള്ള ശേഷി ഉറപ്പിക്കൽ. | പ്രതിദിനം ഉപയോഗിക്കുന്ന സംഭാഷണശകലങ്ങൾ അവതരണത്തിലൂടെയും ദിനാചരണങ്ങളിലൂടെയും പരിപോഷിപ്പിക്കൽ. | ഡിസംബർ<br>ഫെബ്രുവരി | ക്ലാസ് തലം<br>സ്കൂൾ തലം | അധ്യാപിക |

## മേഖല : അക്കാദമികം

## ക്ലാസ് : VI & VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സംസ്കൃതംവായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള അടിസ്ഥാനശേഷി ഉറപ്പിക്കൽ | *പ്രീടെസ്റ്റ് നടത്തി വിശകലനം നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>*കവിതാലാപനം, കഥാവായന<br>*ഡയറി, വർക്ക് ഷീറ്റുകൾ, അസംബ്ലി<br>*ICT സാധ്യതയിലൂടെ സംസ്കൃത സംഭാഷണ ശേഷി വർദ്ധിപ്പിക്കൽ<br>*ദിനാചരണങ്ങളും ക്ലബ് പ്രവർത്തനങ്ങളും<br>*രചനകളുടെ പ്രദർശനം വായനാ മത്സരം | ജൂൺ<br>ജൂൺ, ജൂലായ്<br>ആഗസ്റ്റ്<br>സെപ്റ്റംബർ-ഡിസംബർ<br>ജൂൺ-മാർച്ച്<br>സെപ്റ്റംബർ-ഡിസംബർ | ക്ലാസ് തലം<br>ക്ലാസ് തലം<br>സ്കൂൾ തലം<br>ക്ലാസ് തലം<br>സ്കൂൾ തലം<br>ക്ലാസ് തലം | അധ്യാപിക<br>1000/- |
| സംസ്കൃതഭാഷ ആസ്വദിക്കാനും അവതരിപ്പിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നു. | * കത്ത്, കഥാരചന, കവിതാരചന, പ്രസംഗം, വാർത്ത തയ്യാറാക്കൽ.<br>* വാർത്ത കേൾപ്പിക്കൽ, അവതരിപ്പിക്കൽ. | ജൂൺ-ഫെബ്രുവരി<br>ഡിസംബർ-ഫെബ്രുവരി | ക്ലാസ് തലം<br>ക്ലാസ് തലം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# ഹിന്ദി

## 1. ഹിന്ദി വായന

ലക്ഷ്യം : യു പി തലത്തിൽ മുഴുവൻ ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

**പ്രവർത്തനങ്ങൾ**

a)ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ

കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കി കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ച് കൊണ്ട് ഗ്രന്ഥശാല ഒരുക്കും.

ഹിന്ദി കഥാബുക്കുകൾ

ചിത്രകഥകൾ

ബാല മാസികകൾ

ഹിന്ദി പത്രം

b) വായന കാർഡുകൾ തയ്യാറാക്കൽ

ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡുകൾ തയ്യാറാക്കും.

*പഴങ്ങൾ,പച്ചക്കറികൾ, പക്ഷിമൃഗാദികൾ വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും.

* രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും.

* ദേശീയഗാനം,പ്രതിജ്ഞ,ഹിന്ദി അക്കങ്ങൾ, മാസങ്ങൾ എന്നിവയും സ്ഥിരമായി വായിക്കുന്നരിനായി പ്രത്യേകം തയ്യാറാക്കും.

## 2)ഹിന്ദി എഴുത്ത്

**പ്രവർത്തനങ്ങൾ**

*കോപ്പി ബുക്ക്

അധിക വായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും.

ബാലഗീതങ്ങൾ,കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപ്പി ബുക്ക് ഉപയോഗിക്കും.

* ചുമർ പത്രിക തയ്യാറാക്കും.

* മാസിക തയ്യാറാക്കും.

## 3) ഹിന്ദി ആസ്വാദനം

**പ്രവർത്തനങ്ങൾ**

വിദ്യാർത്ഥികൾ അവതരണരംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും.മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും വിധം അവതരണം നടത്തും.

## 4) ഹിന്ദി അസംബ്ലി

ഹിന്ദി ദിനാചരണരങ്ങളുമായി ബന്ധപ്പെട്ട് ഹിന്ദി അസംബ്ലി നടത്തും.

പ്രാർത്ഥന,പ്രതിജ്ഞ,വാർത്താപാരായണം,ജന്മദിനാശംസാഗീതം,കവിതാലാപനം,പ്രസംഗം, പുസ്താകാസ്വാദനം,മഹദ് വചനങ്ങൾ, ദേശീയഗാനം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിൽ നടത്തും.

## 5) ഹിന്ദി മത്സരങ്ങൾ

പ്രവർത്തനങ്ങൾ

ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും.സ്കൂൾതല കലോത്സവങ്ങളിൽ അവസരം നൽകുകയും ചെയ്യും.

## 6) ദിനാചരണങ്ങൾ

പ്രവർത്തനങ്ങൾ

ഹിന്ദി ദിനം, പരിസ്ഥിതിദിനം സ്വാതന്ത്ര്യദിനം പ്രേംചന്ദ് ജയന്തി എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പുവരുത്തും.

## 7) ഹിന്ദി ക്ലബ്

പ്രവർത്തനങ്ങൾ

വിദ്യാലയത്തിലെ ഹിന്ദിഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ് രൂപീകരിക്കും.പ്രസിഡന്റ്, സെക്രട്ടറി,കമ്മറ്റി അംഗങ്ങൾ എന്നിങ്ങനെ ചുമതലക്കാർ ഉണ്ടാകും.

## 8) വിവസാങ്കേതിക വിദ്യ

പ്രവർത്തനങ്ങൾ

ഹിന്ദി പഠനത്തിന് സഹായകമായി ലഭിക്കുന്ന വിവിധ ദൃശ്യം,ശ്രവ്യസാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതിക വിദ്യ വിനിയോഗിക്കും.

## 9) ഹിന്ദി ഫെസ്റ്റ്

പ്രവർത്തനങ്ങൾ

ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും.ഹിന്ദി ഭാഷയിലോ അധ്യാപനത്തിലോ സാഹിത്യത്തിലോ പ്രസിദ്ധരായവരെ കൊണ്ട് ഉദ്ഘാടനം നടത്തും. കൂടുതൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ഗ്രൂപ്പ് ഐറ്റമുകൾക്ക് പ്രാധ്യാന്യം നൽകും.

# ഹിന്ദി യു പി തലം

## മേഖല : അക്കാദമികം

# അഞ്ചാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| 1. ഹിന്ദി അക്ഷരങ്ങൾ പരിചയപ്പെടുത്തൽ<br><br>2)ഹിന്ദി വായിക്കാനും എഴുതാനുമുള്ള അടിസ്ഥാനശേഷി ഉറപ്പിക്കൽ | 1) അക്ഷരകാർഡുകളിലൂടെ അക്ഷര പരിചയം<br>2) വായന കാർഡുകളിലൂടെ വാക്കുകൾ പഠിക്കുക.<br>3) ICT സാധ്യതയിലൂടെ അക്ഷരപരിചയം.<br>4) ഓരോ ദിവസവും ഓരോ ഹിന്ദി വാക്ക് ബോർഡിൽ പരിചയപ്പെടുത്തൽ<br>5) വർക്ക്ഷീറ്റ്,ചിത്രങ്ങൾ,ചാർട്ടുകൾ എന്നിവയിലൂടെ ഹിന്ദിഭാഷ പരിചയപ്പെടുത്തൽ<br>6) മീഠി ഹിന്ദി<br>7) സുരിലി ഹിന്ദി | ജൂൺ-ജനുവരി<br><br>ഡിസംബർ-ജനുവരി മാർച്ച് | ക്ലാസ് തലം | അധ്യാപിക രക്ഷിതാവ് |

# ഹിന്ദി

## മേഖല : അക്കാദമികം

## ആറാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| 1.ഹിന്ദി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള അടിസ്ഥാന ശേഷി വികസിപ്പിക്കൽ. | 1) പ്രീചടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>2) കവിതാലാപനം, കഥാവായന<br>3) ഹിന്ദി അസംബ്ലി<br>4) പുതിയ ഹിന്ദി വാക്ക് ബോർഡിൽ പരിചയപ്പെടുത്തൽ.<br>5) ഡയറി എഴുത്ത്,വർക്ക് ഷീറ്റുകൾ.<br>6) ICT സാധ്യതയിലൂടെ സംസാരശേഷി വർദ്ധിപ്പിക്കുന്നു.<br>7) ദിനാചരണങ്ങളും ക്ലബ് പ്രവർത്തനങ്ങളും.<br>8) മീഠി ഹിന്ദി<br>9) സുരിലി ഹിന്ദി | ജൂൺ-ജനുവരി<br>ഡിസംബർ-ജനുവരി മാർച്ച് | ക്ലാസ് തലം | അധ്യാപിക രക്ഷിതാവ് |

# ഹിന്ദി

## മേഖല : അക്കാദമികം

## ഏഴാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയിലുള്ള ആശയവിനിമയശേഷി കൂടുതൽ മെച്ചപ്പെടുത്തുകയും രചനാത്മകശേഷികൾ വർദ്ധിപ്പിക്കുകയും ചെയ്യൽ | 1) പ്രീചടെസ്റ്റ് നടത്തി പഠനനിലവാരം വിലയിരുത്തുന്നു.<br>2) രചനകളുടെ പ്രദർശനം.<br>3) വായന മത്സരം<br>4) പുതിയ ഹിന്ദി വാക്ക്,ഡയറി എഴുത്ത്,വർക്ക് ഷീറ്റുകൾ.<br>6) ICT സാധ്യതയിലൂടെ ഭാഷാശേഷി വ ർദ്ധിപ്പിക്കൽ.<br>7)ക്ലബ് പ്രവർത്തനങ്ങൾ, മാഗസിൻ, കത്ത്, കഥാരചന, കവിതാരചന, പ്രസംഗംതയ്യാറാക്കൽ<br>8) ടിവി വാർത്ത കേൾപ്പിക്കൽ<br>9) മീഠി ഹിന്ദി<br>10) സുരിലി ഹിന്ദി | ജൂൺ- ജനുവരി<br><br>ഡിസംബർ- ജനുവരി മാർച്ച് | ക്ലാസ് തലം | അധ്യാപിക രക്ഷിതാവ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# അറബി -യു പി തലം

**ആമുഖം:**

ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്ന ഭാഷയാണ് അറബി ഭാഷ. നമ്മുടെ മാതൃകാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷയാണ് അറബി. നാം നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന അറബിഭാഷയിലെ പ്രയോഗങ്ങളും വാക്കുകളും ഇതു വ്യക്തമാക്കുന്നുണ്ട്. പ്രാചീന സെമിറ്റിക് ഭാഷയിൽ ഇന്ന് സജീവമായി നിലനിൽക്കുന്ന ഏകഭാഷയാണ് അറബി. സമ്പന്നമായ കലാ സാഹിത്യ പാരമ്പര്യങ്ങളിലും ഈ ഭാഷ അനുഗ്രഹീതമാണ്. അറബിഭാഷകളിൽ രചിച്ച വിവിധ കൃതികൾക്കും വ്യക്തികൾക്കും പല പുരസ്കാരങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. മലയാളത്തിലെ പല കൃതികളും ഇന്ന് അറബിയിൽ ലഭ്യമാണ്.കുമാരമാശാന്റെ വീണപൂവ്, തകഴിയുടെ ചെമ്മീൻ, ബെന്യാമിന്റെ ആടുജീവിതം തുടങ്ങിയവ ചിലതുമാത്രം.

നമ്മുടെ വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങൾക്കൊപ്പം അറബിഭാഷപഠനവും ഇഴചേർന്നു മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമാണ്.പൊതുവിദ്യാഭ്യാസംരക്ഷത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമ്മാണത്തിൽ ഏറെപ്രാധാന്യമുള്ള ഒരിനമായണ് ഭാഷപഠനം. ഭാഷ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത്.ഭാഷപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നത് ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്.അറബിഭാഷ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങുടെ രൂപവ്യത്യാസത്തിലും അവയുടെ ഉച്ചാരണത്തിലും ഉള്ള വ്യത്യാസങ്ങളാണ്. ചില അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും മധ്യത്തിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. കൂടാതെ അറബിഭാഷ പഠനത്തിൽ ഉളവാകുന്നചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ ഇതോടൊപ്പം ചേർക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| 1. അറബിഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടികൾക്ക് ഉപയോഗിക്കാൻ സാധിക്കുക,രൂപപ്പെടുത്തുകയും ചെയ്യുക | **കൈത്താങ്ങ്** ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കു വേണ്ടി പ്രത്യേകം തയ്യാറാക്കിയ പാഠഭാഗം നൽകുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽ കുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ | ജൂൺ ജൂലായ് ആഗസ്റ്റ് | പുസ്തകങ്ങൾ ചാർട്ട് , കാർഡുകൾ ഐസിടി | രക്ഷിതാക്കൾ സഹപ്രവ ർത്തകർ |
| 2) അറബിഭാഷ വർദ്ധിപ്പിക്കുക,പദസമ്പത്ത അധികരിപ്പിക്കുക. | ഉപചാരവാക്കുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നു. ക്ലാസ് റൂം കമ്മ്യൂണിക്കേഷൻ അറബിയിലാക്കുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള പുതിയ വാക്കുകൾ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിച്ച് ഫയലിൽ സൂക്ഷിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കഥാപുസ്തക ങ്ങൾ, സംഭാഷണ ചാർട്ടുകൾ ഐസിടി | രക്ഷിതാക്കൾ സഹപ്രവ ർത്തകർ |
| 3) കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ, ലഘുകവിതകൾ,കഥകൾ സംഭാഷണം,പദപ്രശ്നം,കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ ചാർട്ടുകൾ | രക്ഷിതാക്കൾ സഹപ്രവ ർത്തകർ |
| 4) ഓരോ മാസവും കുട്ടികൾ | ഓരോ യൂണിറ്റിന്റെയും അവസാനം | ജൂൺ മുതൽ | ചാർട്ടുകൾ ഐസിടി | സഹപ്രവ |

| | | | | |
|---|---|---|---|---|
| വായനാ തല്പരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.<br>വിവിധ ദിനാചരണങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുകയും പോസ്റ്റർ നിർമ്മിക്കുന്നു. | വായനാമത്സരം കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു.ക്ലാസ് റൂമിൽ ഗ്രൂപ്പുകൾ ചേർന്ന് പോസ്റ്ററുകൾ നിർമ്മിച്ച് ഫയലിൽ സൂക്ഷിക്കുന്നു.<br>സമാന പോസ്റ്ററുകൾ അറബി ക്ലബിന്റെ നേതൃത്വത്തിൽ അറബി കോർണറിൽ സ്ഥാപിക്കുന്നു. | മാർച്ച് വരെ | | ർത്തകർ വിദ്യാർത്ഥികൾ |
| 5) കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി.<br><br>6)ക്വിസ് മത്സരം | **സ്കൂൾ റേഡിയോ**<br>കഥ, പ്രസംഗം,ഗാനം വാർത്തകൾ അവതരിപ്പിക്കുന്നു. അറബിയിൽ ഒരേ പോലെയുള്ള അക്ഷരങ്ങൾ ധാരാളമുണ്ട്.കൂടാതെ ഇത്തരം മേഖലകൾ അറബിയുടെ ഗ്രൂപ്പിൽ പങ്കുവെച്ചാൽ അവരുടെ ഉച്ചാരണം നന്നാവാൻ സഹായകമാവും.<br><br>വിവിധ സന്ദർഭങ്ങളിലായി ക്വിസ് മത്സരം നടത്തി സമ്മാനം നൽകുന്നു. | ഒരു വർഷം | ഐസിടി | സഹപ്രവർത്തകർ വിദ്യാർത്ഥികൾ |

# മലയാളം യു പി തലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) പ്രീടെസ്റ്റ്<br>2) അക്ഷരം ഉറപ്പിക്കൽ<br>3) ചിഹ്നങ്ങൾ ഉറപ്പിക്കാം<br>4) അക്ഷരകാർഡ് നൽകൽ<br>5) വാക്കുകൾ നിർമ്മിക്കാം<br>6) വാക്യങ്ങൾ നിർമ്മിക്കാം<br>7) ചിത്രവായന<br>8) ചിത്രം - കഥപറയൽ<br>9) ചിത്രം - കഥ എഴുതൽ<br>10) ഐസിടി സഹായത്തോടു കൂടി കഥ പൂർത്തിയാക്കൽ<br>11) ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ജൂൺ- ജൂലൈ | വായനകാർഡ്<br>ഐസിടി<br>പാഠപുസ്തകം | മലയാളം അധ്യാപകൻ |
| 2) ഭാഷയുടെ അടിസ്ഥാനശേഷീ വികസനം.ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | 1) എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു( കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) | ജൂൺ- ജൂലൈ | | |
| 3) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1) വാർത്താ ലോകത്തേക്ക്<br>പത്രം, ആഴ്ച്ചപ്പതിപ്പ്,മാസികകൾ എന്നിവ ക്ലാസിൽ ലഭ്യമാക്കുകയും വായിക്കാൻ നൽകുകയും ചെയ്യുന്നു. ഈ പ്രവർത്തനത്തിലൂടെ കുട്ടിയുടെ പ്രതികരണശേഷിയും ഉച്ചാരണശുദ്ധിയും ആസ്വാദനശേഷിയും വർദ്ധിപ്പിക്കുന്നു<br>2) ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>3) ക്ലാസ് ലൈബ്രറി രൂപീകരിക്കൽ ,പുസ്തകശേഖരം<br>4) വായനാനുഭവം പങ്കുവെക്കൽ<br>5) വായനക്കുറിപ്പ് - പതിപ്പ് നിർമ്മാണം. | 6 മാസം<br>ജൂലൈ- ഡിസംബർ | ക്ലാസ് ലൈബ്രറി<br>പത്രം<br>ആനുകാലിക<br>പ്രസിദ്ധീകരണങ്ങൾ<br>സ്കൂൾ ലൈബ്രറി | ഗ്രന്ഥശാലകൾ<br>പ്രാദേശിക സാഹിത്യകാരൻമാർ |

| | | | | |
|---|---|---|---|---|
| 4) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 6) വിദ്യാരംഗം കലാസാഹിത്യവേദി പ്രവത്തനങ്ങൾ<br>7) ദിനാചരണങ്ങൾ<br>8) ആകാശവാണി ക്ലബ്<br>9) സാഹിത്യകാരൻമാരുമായി അഭിമുഖം<br>10) E- വായന<br><br>എഴുത്തുക്കൂട്ടം രൂപീകരണം<br>പുസ്തക ചർച്ച<br>വായനക്കുറിപ്പ് - പതിപ്പ്<br>ആസ്വാദനക്കുറിപ്പ് - പതിപ്പ്<br>വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>മാഗസിൻ,ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ, സാഹിത്യകാരൻമാരുമായി അഭിമുഖം,പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ് വളർത്തൽ, കുട്ടികളുടെ സർഗസൃഷ്ടികൾ ഉൾ പ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കൽ. | ആഗസ്റ്റ് - ജനവരി | സാഹിത്യകാരൻമാരുടെ ഫോട്ടോകൾ<br><br>മികച്ച രചനകൾ<br><br>ലൈബ്രറി | മലയാളം അധ്യാപകർ ,ക്ലാസ് അധ്യാപകൻ, രക്ഷിതാക്കൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല : ഉറുദു

ആമുഖം :

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയുംഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവസാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

**പൊതു ലക്ഷ്യങ്ങൾ**

*ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.

*ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.

*തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.

*ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.

*ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.

*മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.

*ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

*വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

*എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.

*ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.

*ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.

*കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

*വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| പഠോം ആഗെ ബഢേം<br>ഉർദ്ദു വായന | വായന മത്സരങ്ങൾ, ക്വിസ്<br>വിവിധമത്സരങ്ങൾ,<br>ബാലമാസികകൾ,<br>ഉർദ്ദു പത്രങ്ങൾ,<br>വായന കാർഡുകൾ തുടങ്ങിയവ<br>വായനക്ക് ലഭ്യമാക്കൽ | വിവിധ<br>ദിനാചര<br>ണങ്ങളിൽ | ഉദ്ദറു<br>ടീച്ചർ | ഉദ്ദറു ടീച്ചർ |
| മേരെ അൽഫാസ്<br>ഉർദ്ദു കയ്യെഴുത്ത്<br>മാഗസിൻ | രചനാ ശേഷി വളർത്തൽ,<br>ഉർദുവിൽ മികച്ചതും<br>ഭംഗിയുള്ളതുമായ കൈഎഴുത്ത്<br>എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും,<br>കുട്ടികളിലെ സർഗ്ഗാത്മകത<br>വളർത്തുന്നതിനും വേണ്ടി<br>കയ്യെഴുത്ത് മാസിക, ചുമർപത്രിക<br>നിർമണം ,വായനകാർഡ്<br>നിർമാണം | ജൂൺ-<br>ഫെബ്രുവരി | ഉദ്ദറു<br>ടീച്ചർ | ഉദ്ദറു ടീച്ചർ |
| ഖസാന-എ ഇൽമ്<br>പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ<br>പൊതുവിജ്ഞാനം<br>കുട്ടികളിലെത്തിക്കുന്നതിന്<br>വേണ്ടി ക്വിസ് മത്സരങ്ങൾ<br>സംഘടിപ്പിക്കുക. | ജൂൺ-<br>ഫെബ്രുവരി | ഉദ്ദറു<br>ടീച്ചർ | ഉദ്ദറു ടീച്ചർ |
| മുശാഇറ | ഉർദ്ദു ഗസലിനേയും<br>ഹിന്ദുസ്ഥാനിസംഗീതത്തേയും<br>അടുത്തറിയുന്നതിനും സംഗീത<br>വാസനയുള്ള കുട്ടികളെ<br>കണ്ടെത്തുന്നതിനും<br>മുശാഇറയും ഗസൽസായാഹ്നവും<br>സംഘടിപ്പിക്കുക. | ഡിസംബർ | ഉദ്ദറു<br>ടീച്ചർ | ഉദ്ദറു ടീച്ചർ |
| ഹം മിലേം- ഉർദ്ദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ<br>കഴിവുകള്<br>പരിപാഷിപ്പിക്കുന്നതിനുതകും<br>വിധം കവിത, കഥ, ഉപന്യാസ<br>ക്യാമ്പുകൾ നടത്തുക.<br>ഉർദുസാ ഹിത്യകാരന്മാരുടെ<br>ക്ലാസുകൾ സംഘടിപ്പിക്കുക. | ജനുവരി | ഉദ്ദറു<br>ടീച്ചർ | ഉദ്ദറു ടീച്ചർ |
| ഉർദ്ദു ദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | ജൂൺ-<br>ഫെബ്രുവരി | ഉദ്ദറു<br>ടീച്ചർ | ഉദ്ദറു ടീച്ചർ |
| | | | | |

| | | | | |
|---|---|---|---|---|
| വായന ആസ്വാദന | കുട്ടി വായന ,<br>അമ്മയും-കുഞ്ഞും വായന,<br>ആസ്വാദന കുറിപ്പ് , പുസ്തകചർച്ച<br>ക്വിസ് മത്സരം ,മെഗാക്വിസ്. | ആഗസ്റ്റ്-ഡിസംബർ | ഉദുറു ടീച്ചർ | ഉദുറു ടീച്ചർ |
| തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | നവംബർ | ഉദുറു ടീച്ചർ | ഉദുറു ടീച്ചർ |
| ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ-ഫെബ്രുവരി | ഉദുറു ടീച്ചർ | ഉദുറു ടീച്ചർ |
| തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടിവിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | ഒക്ടോബർ | ഉദുറു ടീച്ചർ | ഉദുറു ടീച്ചർ |
| **ഉർദു കെ മോത്തിയാം**<br>ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന<br>പൊതുവേദി ഒരുക്കുക.<br>ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | സെപ്റ്റംബർ | ഉദുറു ടീച്ചർ | ഉദുറു ടീച്ചർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലോകം,ഇന്ത്യ,കേരളം എന്നീ ഭൂപടങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിന് | ഭൂപടങ്ങളെ അറിയാൻ ഭൂപടങ്ങളുടെ പ്രിന്റ് ഫ്രെയിം ചെയ്ത് യു പി ക്ലാസുകളിൽ നൽകുന്നു. അതുമായി ബന്ധപ്പെട്ട വിലയിരുത്തലുകളും നടത്തുന്നു. | ജൂൺ | ഗ്ലോബൽ സോഷ്യൽ ക്ലബ് | |
| ജനാധിപത്യ ഗവൺമെന്റിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിന് | **തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ** വിദ്യാലയത്തിൽ തയ്യാറാക്കുന്ന ഇലക്ഷൻ മെഷീനിന്റെ സഹായത്തോടെ ഇലക്ഷന്റെ വിവിധ ഘട്ടങ്ങളിലൂടെ തെരഞ്ഞെടുപ്പ് നടത്തുന്നു. | ജൂലൈ | സോഷ്യൽ സയൻസ് അധ്യാപകൻ, ഗ്ലോബൽ സോഷ്യൽ ക്ലബ് | |
| സ്വാതന്ത്ര്യസമര സേനാനികളെ കുറിച്ചും അവരുടെ സംഭാവനകളെ കുറിച്ചുമുള്ള തിരിച്ചറിവ് കുട്ടികൾക്ക് നൽകുന്നു | **സ്വാതന്ത്ര്യത്തിനായി പിന്നിട്ട വഴികൾ** സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിന്റെ വിവിധ കോണുകളിൽ സ്വാതന്ത്ര്യസമര സേനാനികളുമായി ബന്ധപ്പെട്ട ചിത്രങ്ങളും വിവരങ്ങളും പ്രദർശിപ്പിക്കുന്നു. | ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകൻ, ഗ്ലോബൽ സോഷ്യൽ ക്ലബ് | |
| | | സെപ്റ്റംബർ | ഗ്ലോബൽ സോഷ്യൽ ക്ലബ് സയൻസ് അധ്യാപകൻ, | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിലേർപ്പെടാൻ ബോധവൽക്കരിക്കുന്നു | **പ്രകൃതി ദുരന്തം , മുൻകരുതൽ, ദുരന്തനിവാരണം** പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങളിലൂടെ അതിന്റെ | | ഗ്ലോബൽ സോഷ്യൽ ക്ലബ് | |

| | | | | |
|---|---|---|---|---|
| | തീവ്രതയെക്കുറിച്ചും മനസ്സിലാക്കുകയും അഗ്നിശമന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡമോൺസ്ട്രേഷൻ ക്ലാസ് സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | | സോഷ്യൽ സയൻസ് അധ്യാപകർ, ജെ ആർസി,സ്കൗട്ട് & ഗൈഡ്സ് | |
| പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കി മാറ്റി എടുക്കുക | **വെർച്ച്വൽ ഫീൽഡ് ട്രിപ്പ്**<br>ICT സാധ്യതകളുപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് ചരിത്രാവബോധം വളർത്തുന്നു. | സെപ്റ്റംബർ | സോഷ്യൽ സയൻസ് അധ്യാപകർ | |
| ഗാന്ധിയൻ ആശയങ്ങളെ കുറിച്ചുള്ള അവബോധം കുട്ടികളിൽ രൂപപ്പെടുത്തുക. | **ഗാന്ധി സ്മൃതി**<br>ക്ലാസ് തലം, സ്കൂൾ തലം,ഗാന്ധി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.സ്കൂളും പരിസരവും വൃത്തിയാക്കുന്നു. ICT സാധ്യതകളുപയോഗിച്ച് ഗാന്ധി ചരിത്രം പ്രദർശിപ്പിക്കുന്നു. | ഒക്ടോബർ | ഗ്ലോബൽ സോഷ്യൽ ക്ലബ് അംഗങ്ങൾ, സോഷ്യൽ സയൻസ് അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **ചേർത്തുപിടിക്കാം**<br>പാർശ്വവത്കരിക്കപ്പെട്ടവരെ ചേർത്ത്പിടിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.<br><br>സുസ്ഥിരവികസനകാഴ്ച്ചപ്പാട് ഉണർത്തുന്നു. ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധം വളർത്തുക. | **അറിയാം ജനാധിപത്യത്തിന്റെ ആദ്യപടികൾ**<br>ഗ്രാമസഭയിൽ കുട്ടികൾ മാതാപിതാക്കൾക്കൊപ്പം പങ്കെടുക്കുന്നു.ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.ഗ്രാമപഞ്ച ായത്തിലെ കുട്ടികളുടെ ഗ്രാമസഭയിൽ സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങൾ, പാർലമെന്റ് അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിക്കുന്നു.<br><br>**പ്രകൃതിയെ അറിയാൻ**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ തണ്ണീർത്തടങ്ങ ൾ,ജലാശയങ്ങൾ,കാടുകൾ തുടങ്ങിയവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. ചരിത്രസ്മാരകങ്ങൾ സന്ദശിക്കുന്നു. | ഡിസംബർ<br><br>ജനുവരി | ഗ്ലോബൽ സോഷ്യൽ ക്ലബ് അംഗങ്ങൾ, സോഷ്യൽ സയൻസ് അധ്യാപകർ | |

# Academic Master Plan 2025-26
# ENGLISH

**Introduction**

English is the language of global communication, and proficiency in it is essential for success in various aspects of life. Understanding  the diverse types of children in the English language learning classroom is essential for effective training and meaningful learning. Every child brings a unique set of characteristics, learning preferences strength and challenges.

In the content of English language learning children may vary widely in their cognitive abilities, sensory preferences ,emotional states, language backgrounds and learning speeds. Some may grasp concepts quickly, while others need repeated support. Some children are more visual,some auditory, while others learn best by doing. Additionally factors such as disabilities ,Socio-emotional sensitivity or limited exposure to English can significantly influence learning outcomes.

**Objectives**

* To develop language proficiency (LSRW)
* Enable learners to understand and use English for everyday communication.
* Foster a love for reading and appreciation of literature.
*Enhance learners vocabulary and grammatical understanding.
* Encourage expression through creative and critical writing.
* Prepare learners for independent and collaborative learning experience.

## Month wise Planning

| Aims | Activities | Duration | Duty | Finance |
|---|---|---|---|---|
| To improve listening skill | * Your Attention Please…..<br>Listening to simple instructions, poems, and Stories<br>* Airtime<br>Daily a student reads news headlines through school Radio System( Lunch time)<br>* Broadcast<br>Give opportunity to read news and records either audio or video.<br>Supplements in the classroom and also sends relevant groups( Whatsapp) | June- July<br><br><br><br><br>August<br><br><br><br>September | | |
| To improve Speaking skill | **Note the Quote**<br>*Asks to find out (however) a meaningful quotation of any great personalities and write in the blackboard every morning.<br>* Give chances to each student randomly to read loudly.<br>Conversation<br>*Theme: Let them speak and discuss each other.<br>*Make the classroom atmosphere for discussion.<br>**School Assembly( Class wise)**<br>*Prayer<br>*Pledge<br>*News reading<br>*Poem Recitation<br>*Thought<br>*Speech | <br>October<br><br><br><br><br><br><br><br><br><br><br><br>November | | |
| To improve Reading Skill | **English News paper reading**<br>Introduce English Newspaper in each class or Division.<br>*Pupil reads both silently and loudly,find out unfamiliar words (It helps to extend the vocabulary) | December | | |
| To improve the writing skill | **Manuscript Magazine**<br>* Prepare own magazine by collecting a few discloses.<br>*Diary writing.<br>*News paper report<br>*Letter writing<br>* Hand writing Competition<br>**A Word A Day….**<br>Gives a day everyday | January-February<br><br><br><br><br><br><br>June - March | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുക | ഗണിത ക്ലിനിക്ക്<br>പ്രീടെസ്റ്റിലൂടോ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നല്കുക. പോരായ്മകൾ കണ്ടെത്തി അധിക പ്രവർത്തനങ്ങൾ നൽകുക.<br>കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡുകൾ etc ഉപയോഗിക്കുക.) | ആഴ്ച്ച യിൽ ഒരു പിരീഡ് | | |
| 2. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | സംശയനിവാരണക്കളരി<br>തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ രാവിലെ 9:15 മുതൽ സ്കൂൾ ലൈബ്രറിയിൽ വെച്ച് സംശയനിവാരണത്തിനുള്ള അവസരം നൽകുക.<br>ക്ലാസ് തലത്തിൽ പ്രത്യേക പരിഗണന നൽകി അധികപ്രവർത്തനങ്ങയൽ നൽകുക. | ജൂൺ - മാർച്ച് | | |
| 3) ഗണിതാസ്വാദനം വർദ്ധിപ്പിക്കുക. | **Smarticus Maths**<br>ഗണിതക്ലബ് രൂപീകരിക്കുക. ക്ലാസ് തലത്തിൽ ആഴ്ച്ചയിലൊരിക്കലും സ്കൂൾ തലത്തിൽ മാസത്തിൽ ഒരിക്കലും ക്വിസ് മത്സരം സംഘടിപ്പിക്കുക.<br>ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുക. വിവിധ രൂപങ്ങൾ നിർമ്മിക്കുക.<br>**ഗണിതശില്പശാല**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുക. ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പ് എന്നിവ ശേഖരിച്ച് ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുക.<br>ഗണിതസെമിനാർ സംഘടിപ്പിക്കുക.ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ഗണിതോത്സവം സംഘടിപ്പിക്കുക. | ജൂൺ – മാർച്ച്<br>ആഗസ്റ്റ് | | |
| 4) ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പ്രവർത്തനം നൽകുക. | ഗണിത ടാലന്റ് ക്ലബ്<br>ഗണിത ടാലന്റ് ക്ലബ് രൂപീകരിക്കുന്നു. മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധികപ്രവർത്തനങ്ങളും പരിശീലനങ്ങളും നൽകുക. | ജൂലൈ | ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 5) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.<br><br>6) ഗണിതം പ്രായോഗിക ജീവിതത്തിൽ | ഐ ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ , ചതുഷ് ക്രിയകൾ മറ്റ് പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക്<br>എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു.<br><br>ഫീൽഡ് വിസിറ്റ് / അഭിമുഖം<br>* ബാങ്കിലെ ഗണിതം - പലിശ- ബാങ്ക് സന്ദർശനം<br>* കച്ചവടത്തിലെ ഗണിതം - കട സന്ദർശനം<br>* കെട്ടിട നിർമ്മാണ ഗണിതം - അഭിമുഖം<br>* പ്രകൃതിയിലെ ഗണിതം - വിസിറ്റ്<br>* അടുക്കളയിലെ ഗണിതം - കണ്ടെത്തൽ, വിവരശേഖരണം | മാസത്തില്‍ ഒരു പ്രാവശ്യം<br><br>ജനുവരി<br>ജനുവരി<br>ഡിസംബർ<br>ജൂൺ<br>നവംബർ | ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ | സ്കൂൾ പിടിഎ<br><br>സ്കൂൾ ട്രാൻസ്പോർട്ട് കമ്മറ്റി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# അറബിക്
# എൽ പി തലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1) ഹായ് അറബി<br>അറബിഭാഷാപഠനനേട്ടങ്ങൾ ഭാഷാശേഷികൾ (വായന,ലേഖനം,ഭാഷണം) എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക. | കുട്ടിയുടെ പഠനനില കണ്ടെത്തുവാൻ<br>2,3,4 ക്ലാസുകളിൽ പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും തിരിച്ചറിയുന്നു.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക്<br>വായനാക്കാർഡുകൾ,അക്ഷരക്കാർഡുകൾ നൽകുന്നു.<br>ഐസിടിയുടെ സഹായത്താൽ<br>അക്ഷരഗെയിമുകൾ നല്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ചാർട്ടുകൾ<br>കാർഡുകൾ<br>ICT | CPTA |
| 2) അറബിഅക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന<br>ചിത്രവായന<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>ഇ-വായന<br>ക്ലാസ് വായന<br>അറബിക് വാർത്തകൾ<br>സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | കാർഡുകൾ<br>പുസ്തകങ്ങൾ<br>ICT | അധ്യാപകർ |
| 3) ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് വായന, ചേർത്തുവായന<br>പദനിർമ്മാണം,പദശേഖരം<br>വായനമൂല തയ്യാറാക്കുന്നു | ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>വായിച്ച പുസ്തകങ്ങൾ ,കഥകൾ രേഖപ്പെടുത്തുന്നു. | | | |
| 4) നല്ലെഴുത്ത്<br>കുട്ടികളുടെ കൈയ്യെഴുത്ത് മെച്ചപ്പെടുത്തൽ | അറബിഭാഷയുടെ തനതായി എഴുത്ത് നസ്ഖ്,രിഖഌ എഴുത്തുകൾ<br>അക്ഷരങ്ങൾ ഔട്ട് ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>കൈയ്യെഴുത്ത് മത്സരം നടത്തുന്നു. മികച്ച എഴുത്തുകാരെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു. | ജൂലൈ - മാർച്ച് | ചാർട്ട്<br>നോട്ട്ബുക്ക്<br>ICT | PTA<br>അധ്യാപകർ |
| 5) വളരുന്ന നിഘണ്ടു<br>പദസമ്പത്ത്<br>വർദ്ധിപ്പിക്കൽ,അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ | ഓരോ അക്ഷരത്തിനും ഒരു പേജ്,പദങ്ങൾ കണ്ടെത്തി എഴുതുന്നു.കൂടുതൽ പദങ്ങൾ കണ്ടെത്തി നിഘണ്ടു നിർമ്മിക്കുന്നു.<br>പദപ്പയറ്റ് മത്സരം നടത്തുന്നു | സെപ്റ്റംബർ<br>മാർച്ച് | നോട്ട്ബുക്ക് | PTA<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | | | |
| 6)ദിനാചരണങ്ങൾ പരിചയപ്പെടൽ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ രക്ഷിതാക്കളുടെ സഹായത്തോടെ പോസ്റ്റർ നിർമ്മിക്കുന്നു. | ജൂൺ-മാർച്ച് | ചാർട്ട് | PTA അധ്യാപകർ |
| 7) ഭാഷാശൈലി വികസനം | വായനാക്കാർഡുകളുടെ നിർമ്മാണം, കഥ,വിവരണം, കവിത,... നിർമ്മാണം. അറബിക് ക്ലബിന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | സെപ്റ്റ ംബർ മാർച്ച് | | |
| 8) ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാരവവാക്കുകൾ നിത്യേനെ ക്ലാസിൽ സന്ദർഭത്തിനനുസരിച്ച് ഉപയോഗിക്കുന്നു. വീട്ടുകളിൽ സന്ദർഭത്തിനനുസരിച്ച് പറ ഞ്ഞുപരിശീലിപ്പിക്കൽ | ജൂൺ-മാർച്ച് | | |
| 9) മാഗസിൻ നിർമ്മാണം | ചിത്രങ്ങൾ, അക്ഷരങ്ങൾ ,പദങ്ങൾ ,ഉപചാരവാക്കുകൾ ,കഥകൾ,കവിതകൾ ഇവയെല്ലാം ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കുന്നു. | ജൂൺ-ആഗസ്റ്റ് ഒക്ടോ ബർ-ഡിസം ബർ ജനുവര ി-മാർച്ച് | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# അടിസ്ഥാന ശാസ്ത്രം

| 1) ജൈവ വൈവിധ്യോദ്യാന ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പ്രതീക്ഷിക്കുന്ന ചെലവ് |
| * സസ്യവൈവിധ്യത്തെ പറ്റി കുട്ടികളിൽ ധാരണ ഉണ്ടാക്കുന്നതിന്.<br>* ചുറ്റുപാടുമുള്ള സസ്യജൈവ വൈവിധ്യത്തെ സവിശേഷതകൾ കണ്ടെത്തൽ ( വിത്തുകൾ മുളയ്ക്കൽ, സിരാവിന്യാസം, ഇലകളുടെ ക്രമീകരണം) | * നിലവിലുള്ള ജൈവവൈവിധ്യ ഉദ്യാനത്തിൽ ആവശ്യമായ സസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ ( മരവാഴ, ഇത്തിൾ കണ്ണി,മൂടില്ലാത്താളി)<br>*മീൻകുളം തയ്യാറാക്കൽ | ജൂൺ- ആഗസ്റ്റ് | സയൻസ് ക്ലബ് | 2500/- |
| **2) ക്ലാസ് ലാബ് തയ്യാറാക്കൽ** | | | | |
| * ശാസ്ത്രീയ പഠനത്തിനും പ്രയോഗത്തിനും.<br>* ശാസ്ത്രീയ മനോഭാവം വളർത്തുന്നതിന്. | * യു പി ക്ലാസുകളിൽ ശാസ്ത്ര ലാബ് സജ്ജമാക്കൽ.<br>* പരീക്ഷണ സാമഗ്രികൾ സംഘടിപ്പിക്കലും സജ്ജീകരിക്കലും | ജൂൺ മുപ്പതിനുള്ളിൽ | സയൻസ് ക്ലബ് | 125000<br>(25x 5000 |
| **3) ഫീൽഡ് ട്രിപ്പ് ( കാർഷിക നഴ്സറി,ജലശുദ്ധീകരണ ശാല)** | | | | |
| * ജലശുദ്ധീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കൽ.<br>* ലഭ്യമായ ജലം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കൽ | *ചുറ്റുപാട് നിരീക്ഷിക്കൽ.<br>* ജൈവ വൈവിധ്യ സവിശേഷതകൾ കണ്ടെത്തൽ,രേഖപ്പെടുത്തൽ. | ജൂൺ- ആഗസ്റ്റ് ( അവധി ദിനങ്ങൾ | SRG (science) | 50/ head |
| **4) ആരോഗ്യബോധവത്കരണം** | | | | |
| * പകർച്ച വ്യാധികൾ - പ്രതിരോധപ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി കുട്ടികളിൽ ധാരണ വളർത്തുന്നതിന് .<br>* ബോധവത്കരണ പ്രവർത്തനങ്ങളിൽ സ്വയം പങ്കാളികളാക്കൽ | * സെമിനാർ- പകർച്ച വ്യാധികളും പ്രതിരോധപ്രവർത്തനങ്ങളും.<br>* അഭിമുഖം - ആരോഗ്യപ്രവർത്തൻ | ജൂലൈ | സയൻസ് ക്ലബ് ഹെൽത്ത ക്ലബ് | 1000/- |
| **5) പ്രഥമ ശുശ്രൂഷ ക്ലാസ്** | | | | |
| * അടിയന്തിര സാഹചര്യങ്ങളോട് പ്രതികരിക്കാനുള്ള ആത്മവിശ്വാസം | * പ്രഥമ ശുശ്രൂഷ പരിചയപ്പെടൽ. | സെപ്റ്റംബർ | സയൻസ് ടീച്ചേർസ് | 1000/- |

| | | | | |
|---|---|---|---|---|
| നൽകൽ.<br>* പ്രഥമ ശുശ്രൂഷ രീതികൾ മനസ്സിലാക്കൽ.<br>* അപകടങ്ങൾ തടയാനുള്ള മുൻ കരുതലുകൾ തിരിച്ചറിയൽ. | * CPR പരിശീലിപ്പിക്കൽ.<br>* ബാന്റേജ് പ്രാക്ടീസിംഗ് | | | |
| **6) വാനനിരീക്ഷണ ക്ലാസ്** | | | | |
| * ബഹിരാകാശ വസ്തുക്കളെ തിരിച്ചറിയൽ<br>* സവിശേഷതകൾ മനസ്സിലാക്കൽ.<br>* നക്ഷത്രഗണങ്ങളെ തിരിച്ചറിയൽ. | * നക്ഷത്ര നിരീക്ഷണം- ക്ലാസ്<br>* വീഡിയോ ഡോക്യുമെന്ററി<br>* റോക്കറ്റ് നിർമ്മാണം. | ഡിസം ബർ | | |
| **7) ശാസ്ത്ര മാസിക തയ്യാറാക്കൽ** | | | | |
| * ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ പരിചയപ്പെടൽ<br>* സർഗാത്മകത വർദ്ധിപ്പിക്കൽ. | ശാസ്ത്ര വാർത്തകൾ, കുറിപ്പുകൾ,ശാസ്ത്രജ്ഞരെ കുറിച്ചുള്ള വിവരങ്ങൾ, കണ്ടുപിടുത്തങ്ങൾ പുരസ്കാരങ്ങൾ etc ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | ജൂൺ- മാർച്ച് | സയൻസ് ക്ലബ് | |

# സ്പോർട്സ് മാസ്റ്റർ പ്ലാൻ 2025-26

തയ്യാറാക്കിയത്: Physical Education Teacher 2025 - 2026

## 1 കായിക വിഭാഗങ്ങൾ:

ഫുട്ബോൾ, വോളിബോൾ, അത്ലറ്റിക്സ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

*വോളിബോൾ : സേവനം, പാസിംഗ്, സ്പൈക്കിംഗ്, ടീം തന്ത്രങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

*അത്‌ലറ്റിക്സ് : ട്രാക്ക് ആൻഡ് ഫീൽഡ് ഇവന്റുകൾ (ഓട്ടം, ലോംഗ് ജമ്പ്, ഹൈജമ്പ്, ഷോട്ട്പുട്ട് മുതലായവ)

## 2. വാർഷിക ലക്ഷ്യങ്ങൾ:

യുപി, വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് ടാലന്റ് ഐഡന്റിഫിക്കേഷനും പരിശീലനവും. ഉപജില്ല, ജില്ലാ തലങ്ങളിൽ പങ്കെടുപ്പിക്കുക നേതൃത്വം, അച്ചടക്കം, കായികക്ഷമത എന്നിവ വികസിപ്പിക്കുക.

## 3. പ്രതിമാസ പ്രവർത്തന പദ്ധതി:

മാസം പ്രവർത്തനങ്ങൾ അഭിപ്രായങ്ങൾ ഫണ്ടും അടിസ്ഥാന നൈപുണ്യ പരിശീലനം ഗെയിം-നിർദ്ദിഷ്ട പരിശീലനം മത്സരങ്ങളും ഉപജില്ലാ പരിപാടികൾക്കുള്ള നവംബർ ക്യാമ്പ് ജനുവരി വാർഷിക കോച്ചിംഗും ടൂർണമെന്റ് അവസാന ഘട്ട രൂപീകരണവും അടുത്ത

## 4.തിരഞ്ഞെടുത്ത കായികതാരങ്ങളിലേക്ക് വ്യക്തിഗത ശ്രദ്ധ.

വ്യക്തികളുടെ പങ്കാളിത്തം. തുടർച്ചയായ ഫിറ്റ്നസ് നിരീക്ഷണം. പെൺകുട്ടികളുടെ പങ്കാളിത്തത്തിൽ പ്രത്യേക ശ്രദ്ധ.

## 5. ഇൻഫ്രാസ്ട്രക്ചറും റിസോഴ്സ് പ്ലാനിംഗും:

അടയാളപ്പെടുത്തലും പരിപാലനവും. വോളിബോൾ കോർട്ട് നെറ്റും ഉപകരണ നവീകരണവും. അടിസ്ഥാന സൗകര്യങ്ങളുള്ള ട്രാക്ക് & ഫീൽഡ് സജ്ജീകരണം. സ്പോർട്സ് കിറ്റുകളുടെ സംഭരണവും പ്രഥമശുശ്രൂഷയും.

**6. പിന്തുണയും പ്രമോഷനും** : കായിക സംസ്കാരം മെച്ചപ്പെടുത്തുന്നതിന് ക്ലാസുകൾ നടത്തുക. ധനസഹായത്തിനും ധാർമ്മിക പിന്തുണക്കുമായി PTA, പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുക. സ്കൂൾ നോട്ടീസ് ബോർഡുകൾ, സോഷ്യൽ മീഡിയ, അസംബ്ലി പ്രഖ്യാപനങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥി നേട്ടങ്ങൾ

**7. പ്രകടന അവലോകനം:** പ്രതിമാസ ആന്തരിക മൂല്യനിർണ്ണയം. കാലാവധി തിരിച്ചുള്ള നൈപുണ്യ വിലയിരുത്തലുകൾ. ഓരോ വിദ്യാർത്ഥിയുടെയും പ്രകടനത്തിന്റെ റെക്കോർഡ് പരിപാലനം.